'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ ഔദ്യോഗിക യാത്രകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.114/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/01/2020

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 03.08.2019 തീയതിയിലെ ജി.3-13650/2019 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ വകുപ്പിന്റെ കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ഡ്രൈവർ തസ്തികകൾ നിലവിലുള്ളതാണെങ്കിലും വാഹനങ്ങൾ ഇല്ലാത്ത അവസ്ഥയാണുള്ളതെന്നും നഗരസഭകളുടെ പ്രവർത്തനം, ഏകോപനം നടത്തൽ, പരാതികൾ പരിശോധിക്കൽ, യോഗങ്ങൾ എന്നിവ നടത്തേണ്ടതുള്ളതിനാൽ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് യാത്ര ചെയ്യേണ്ട അവസരത്തിൽ വാഹനത്തിന്റെ അഭാവം ടി പ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യമാണുള്ളതെന്നും ടി വസ്തുതകൾ പരിഗണിച്ച് നഗരകാര്യ വകുപ്പിന്റെ 3 മേഖലാ ഓഫീസുകളിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി നൽകണമെന്നും നഗരകാര്യ ഡയറക്ടർ അപേക്ഷിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 2217-80-001-98-00-97 എന്ന ശീർഷകത്തിൽ 1000/- രൂപ (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിട്ടുള്ളതാണ്. സർക്കാരിന്റെ 17.04.2018-ലെ സ.ഉ(അ)ന നം.66/2018/ധന. പ്രകാരം വ്യയ നിയന്ത്രണ നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കാരിന്റെ 15.09.2018-ലെ 85/2018/ധന. നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ വാഹനം ദീർഘനാളത്തേയ്ക്ക് വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച നിയമങ്ങളും ഉത്തരവുകളും പാലിച്ചുകൊണ്ട് നടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

**പകർപ്പ് -**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ